C:-Only after cancelling the Power of Attorney
മുക്ത്യാർ റദ്ദാക്കിയാൽ മാത്രം ചെയ്യാവുന്നതാണ്

D:-No, only the agent is permitted to do so
ഇല്ല, ഏജൻറിനു മാത്രമേ അങ്ങനെ ചെയ്യാൻ അനുവാദമുള്ളു
Correct Answer:- Option-A

Question55:-How should a person execute a Power of Attorney drawn for registration purposes, both in his personal capacity and as the guardian of his minor son?
ഒരാൾ സ്വന്തനിലയിലും പ്രായ പൂർത്തിയാവാത്ത മകൻറെ രക്ഷകർത്താവ് എന്ന നിലയിലും കൂടി ഒരു മുക്ത്യാർ എഴുതി ഒപ്പിടേണ്ടത് എങ്ങനെയാണ്?
A:-A single signature suffices for both capacities
രണ്ടു പ്രാധിനിത്യ നിലകൾക്കും കൂടി ഒരു ഒപ്പിട്ടാൽ മതിയാകും
B:-The minor's signature must also be obtained
മൈനറുടെ ഒപ്പ് കൂടി ആവശ്യമാണ്
C:-Separate signatures for each capacity are required
ഓരോ പ്രാധിനിത്യ നിലകൾക്കും പ്രത്യേകം പ്രത്യേകം ഒപ്പുകൾ ഇടേണ്ടതാണ്
D:-It's not possible to execute a power of attorney in multiple capacities
ഇപ്രകാരം വിഭിന്ന നിലകളിൽ മുക്ത്യാർ എഴുതി ഒപ്പിടാനാവില്ല
Correct Answer:- Option-C

Question56:-Choose the document for which registration is optional:
രജിസ്ട്രേഷൻ നിർബന്ധമില്ലാത്ത ആധാരം തിരഞ്ഞെടുക്കുക:
A:-An agreement for the sale of immovable property
രണ്ടു സ്ഥാവര വസ്തുവിൻറെ വിൽപന കരാർ
B:-A lease of indefinite term
അനിശ്ചിത കാല പാട്ടം
C:-A Power of attorney appointing the Son-in-law of the principal to sell an immovable property
സ്ഥാവര വസ്തു വിൽക്കാൻ പ്രധാനിയുടെ മകളുടെ ഭർത്താവിനെ ചുമതലപ്പെടുത്തുന്ന മുക്ത്യാർ
D:-Rectification of a Gift of immovable property
ഒരു സ്ഥാവര വസ്തുവിൻറെ ദാനയാധാരത്തിൻറെ പിഴതിരുത്ത്
Correct Answer:- Option-C

Question57:-What does the term "General Search" refer to?
"പൊതുതിരച്ചിൽ" എന്ന പദം എന്താണ് സൂചിപ്പിക്കുന്നത്?
A:-Search for a single document
ഒരു ആധാരത്തിനു വേണ്ടിയുള്ള തിരച്ചിൽ
B:-Search in all registers
എല്ലാ രജിസ്റ്ററുകളിലും ഉള്ള തിരച്ചിൽ
C:-Search in respect of a specific person
ഒരു പ്രത്യേക വ്യക്തിയെ സംബന്ധിച്ച തിരച്ചിൽ
D:-Search for more than one document
ഒന്നിൽ കൂടുതൽ ആധാരങ്ങൾക്കായുള്ള തിരച്ചിൽ
Correct Answer:- Option-D

Question58:-Whose responsibility is it to enter applications for copies of miscellaneous records into the software?
പലവക രേഖകളുടെ പകർപ്പുകൾക്കായുള്ള അപേക്ഷകൾ സോഫ്റ്റ് വെയറിൽ ചേർക്കേണ്ടത് ആരുടെ ഉത്തരവാദിത്തമാണ്?
A:-The Section Clerk
സെക്ഷൻ ക്ലർക്കിൻറെ
B:-The Senior most Clerk
ഏറ്റവും സീനിയറായ ക്ലർക്കിൻറെ
C:-The Junior Superintendent/Head Clerk
ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലർക്ക്
D:-The Sub Registrar
സബ് രജിസ്ട്രാർ
Correct Answer:- Option-C

Question59:-What should be done if the course of a search, in which only a single fee is paid, reveals that the property belongs severally to more than one individual?
ഒറ്റ ഫീസ് മാത്രം ഒടുക്കിയിട്ടുള്ള ഒരു തിരച്ചിലിൽ വസ്തു ഒന്നിലധികം വ്യക്തികളുടെ പ്രത്യേകം പ്രത്യേകമായ ഉടമസ്ഥതയിലുള്ളതാണെന്ന് ബോദ്ധ്യപ്പെട്ടാൽ എന്താണ് ചെയ്യേണ്ടത്?
A:-Inform the applicant and request payment of additional fees
അപേക്ഷകനെ അറിയിക്കുകയും അധിക ഫീസ് അടയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്യുക
B:-Reject the application and refund the fees
അപേക്ഷ നിരസിക്കുകയും ഫീസ് തിരികെ നൽകുകയും ചെയ്യുക
C:-Reject the application without any refund
ഫീസ് റീഫണ്ട് കൂടാതെ അപേക്ഷ നിരസിക്കുക
D:-Issue the certificate without levying additional fees
അധിക ഫീസ് ഈടാക്കാതെ സർട്ടിഫിക്കറ്റ് നൽകുക
Correct Answer:- Option-A

Question60:-Choose the most suitable interpretation of the term "one and the same property" as referred to in Rule 175 (i) of the Registration Rules:
രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 175 (i) ൽ പരാമർശിച്ചിരിക്കുന്ന "ഒറ്റമുതൽ" എന്ന പദത്തിൻറെ ഏറ്റവും അനുയോജ്യമായ വ്യാഖ്യാനം തിരഞ്ഞെടുക്കുക:
A:-Properties belonging to a single individual
ഒരൊറ്റ വ്യക്തിയുടെ വസ്തുക്കൾ
B:-Properties belonging to a single family
ഒരു കുടുംബത്തിൻറെ വസ്തുക്കൾ
C:-Properties belonging to a single individual or family within a single village
ഒരു വ്യക്തിയുടെയോ കുടുംബത്തിൻറെയോ ഒരു വില്ലേജിലെ മാത്രം വസ്തുക്കൾ
D:-Properties owned individually and jointly by members of a single family
ഒരു കുടുംബത്തിലെ അംഗങ്ങൾക്ക് ഒറ്റയ്ക്കും കൂട്ടായും ഉള്ള വസ്തുക്കൾ
Correct Answer:- Option-C

Question61:-Encumbrance certificates for Government purposes shall be issued:
സർക്കാർ ആവശ്യങ്ങൾക്കായുള്ള ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ നൽകേണ്ടത്:
A:-Within 14 working days from the date of application
അപേക്ഷിച്ച് 14 പ്രവർത്തി ദിവസങ്ങൾക്കകം
B:-Within 7 working days from the date of application
അപേക്ഷിച്ച് 7 പ്രവർത്തി ദിവസങ്ങൾക്കകം
C:-On the next working day after the application
അപേക്ഷിച്ചതിൻറെ തൊട്ടടുത്ത പ്രവർത്തി ദിവസം
D:-On the same day of application
അപേക്ഷിച്ച അതേ തീയതിയിൽ
Correct Answer:- Option-D

Question62:-When an encumbrance certificate is cancelled and a new one is issued in its place, the physical copy of the cancelled certificate should be:
ഒരു ബാദ്ധ്യതാ സർട്ടിഫിക്കറ്റ് റദ്ദാക്കി പകരം പുതിയത് തയ്യാറാക്കി നൽകുമ്പോൾ, റദ്ദാക്കിയ സർട്ടിഫിക്കറ്റിൻറെ ഫിസിക്കൽ കോപ്പി:
A:-Kept in a separate file maintained for this purpose
ഈ ആവശ്യത്തിനായി പരിപാലിക്കുന്ന പ്രത്യേക ഫയലിൽ സൂക്ഷിക്കണം

B:-Kept in the file of copy of applications for miscellaneous records
പലവക രേഖകളുടെ പകർപ്പ് അപേക്ഷകളുടെ ഫയലിൽ സൂക്ഷിക്കണം
C:-Submitted to the District Registrar for verification
പരിശോധനയ്ക്കായി ജില്ലാ രജിസ്ട്രാർക്ക് സമർപ്പിക്കണം
D:-Not retained, as a copy is available digitally
പകർപ്പ് ഡിജിറ്റലായി ലഭ്യമായതിനാൽ സൂക്ഷിക്കേണ്ടതില്ല
Correct Answer:- Option-D

Question63:-Which is the correct method for levying the fee when two copies of the same document are requested in a single application?
ഒരു ആധാരത്തിൻറെ തന്നെ രണ്ടു പകർപ്പുകൾക്കായി സമർപ്പിച്ചിട്ടുള്ള ഒറ്റ അപേക്ഷയിൽ ഫീസ് ഈടാക്കേണ്ട ശരിയായ രീതി എന്താണ്?
A:-Single application fee, single search fee and single copying fee
ഒരു അപേക്ഷാ ഫീസ്, ഒരു തിരച്ചിൽ ഫീസ്, ഒരു പകർപ്പ് ഫീസ്
B:-Single application fee, single search fee and two copying fees
ഒരു അപേക്ഷാ ഫീസ്, ഒരു തിരച്ചിൽ ഫീസ്, രണ്ടു പകർപ്പ് ഫീസ്
C:-Two application fees, a single search fee and two copying fees
രണ്ട് അപേക്ഷാ ഫീസ്, ഒരു തിരച്ചിൽ ഫീസ്, രണ്ടു പകർപ്പ് ഫീസ്
D:-Two application fees, two search fees and two copying fees
രണ്ട് അപേക്ഷാ ഫീസ്, രണ്ട് തിരച്ചിൽ ഫീസ്, രണ്ടു പകർപ്പ് ഫീസ്
Correct Answer:- Option-B

Question64:-Search fee is never leviable for granting copies of:
പകർപ്പുകൾക്ക് തിരച്ചിൽ ഫീസ് ഒരു സാഹചര്യത്തിലും ഈടാക്കാൻ പാടില്ലാത്തത്:
A:-Refusal order by a Sub Registrar under Section 71 of the Registration Act
രജിസ്ട്രേഷൻ ആക്ട് വകുപ്പ് 71 പ്രകാരമുള്ള സബ് രജിസ്ട്രാറുടെ നിഷേധ ഉത്തരവ്
B:-Refusal order by a Sub Registrar under Section 76 of the Registration Act
രജിസ്ട്രേഷൻ ആക്ട് വകുപ്പ് 76 പ്രകാരമുള്ള രജിസ്ട്രാറുടെ നിഷേധ ഉത്തരവ്
C:-Documents registered in the current year
നടപ്പ് വർഷം രജിസ്റ്റർ ചെയ്ത ആധാരങ്ങൾ
D:-Entries in Book III
ബുക്ക് III ലെ പതിവുകൾ
Correct Answer:- Option-B

Question65:-In which form is the Register for appeals maintained in every Registrar's Office?
എല്ലാ രജിസ്ട്രാർ ആഫീസുകളിലും അപ്പീൽ രജിസ്റ്റർ പരിപാലിക്കുന്നത് ഏത് ഫാറത്തിലാണ്?
A:-Form No. 28
ഫാറം നമ്പർ 28
B:-Form No. 27
ഫാറം നമ്പർ 27
C:-Form No. 26
ഫാറം നമ്പർ 26
D:-Form No. 25
ഫാറം നമ്പർ 25
Correct Answer:- Option-A

Question66:-How often should each record receptacles be examined by the Sub Registrar?
സബ് രജിസ്ട്രാർ ഓരോ റിക്കാർഡ് അലമാരുകളും ഏത് ഇടവേളകളിൽ പരിശോധിക്കണം?
A:-Once a month
മാസത്തിലൊരിക്കൽ
B:-Once every three months
മൂന്നു മാസത്തിലൊരിക്കൽ
C:-At least once in six months
ആറു മാസത്തിലൊരിക്കൽ
D:-Once a year
വർഷത്തിലൊരിക്കൽ
Correct Answer:- Option-C

Question67:-When should the recopying of registers be sanctioned by a Registrar?
ഏതു സാഹചര്യത്തിലാണ് രജിസ്റ്റർ വാല്യങ്ങൾ മാറ്റി പകർത്താൻ രജിസ്ട്രാർ അനുവാദം നൽകേണ്ടത്?
A:-Whenever requested by the Sub Registrar
സബ് രജിസ്ട്രാർ ആവശ്യമുന്നയിക്കുമ്പോഴെല്ലാം
B:-Once satisfied that the register is crumbled, or entries are faded
രജിസ്റ്റർ പൊടിഞ്ഞതായോ പതിവുകൾ മാഞ്ഞതായോ ബോധ്യപ്പെടുന്ന പക്ഷം
C:-Only after obtaining permission from the Inspector General of Registration
രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിൽ നിന്ന് അനുമതി വാങ്ങിയതിന് ശേഷം മാത്രം
D:-Only if the register cannot be digitised and there is no possibility of further damage on recopying
രജിസ്റ്റർ ഡിജിറ്റൈസ് ചെയ്യാൻ കഴിയില്ലെന്നും മാറ്റി പകർത്തുമ്പോൾ കൂടുതൽ കേടുപാടുകൾ സംഭവിക്കാൻ സാധ്യതയില്ലെന്നും ഉള്ളപ്പോൾ മാത്രം
Correct Answer:- Option-D

Question68:-What action should be taken if the cover binding of a Thumb Impression Register shows signs of damage?
ഒരു വിരൽ പതിപ്പ് പുസ്തകത്തിൻറെ കവർ ബൈൻഡിംഗ് കേടുപാടുകൾ സംഭവിച്ചതിൻറെ ലക്ഷണങ്ങൾ കാണിച്ചാൽ എന്ത് നടപടിയാണ് സ്വീകരിക്കേണ്ടത്?
A:-It shall be re-bound
അത് റീ ബൈൻഡ് ചെയ്യണം
B:-It shall be secured by packing in paper and sealing
അത് കടലാസിൽ പൊതിഞ്ഞു കെട്ടി മുദ്രവെച്ച് ഭദ്രമാക്കണം
C:-It should be digitised and stored electronically
ഇത് ഡിജിറ്റൈസ് ചെയ്ത് ഇലക്ട്രോണിക് രൂപത്തിൽ സൂക്ഷിക്കണം
D:-No action shall be taken
ഒരു നടപടിയും സ്വീകരിക്കേണ്ടതില്ല
Correct Answer:- Option-B

Question69:-When should destroyable records in every office be destroyed?
ഓരോ ഓഫീസിലെയും നശിപ്പിക്കാവുന്ന രേഖകൾ എപ്പോഴാണ് നശിപ്പിക്കേണ്ടത്?
A:-Before the 15th of January each year
എല്ലാ വർഷവും ജനുവരി 15-ന് മുമ്പ്
B:-Before the 15th of April each year
എല്ലാ വർഷവും ഏപ്രിൽ 15-ന് മുമ്പ്
C:-Before the 15th of July each year
എല്ലാ വർഷവും ജൂലൈ 15-ന് മുമ്പ്
D:-Before the 15th of October each year
എല്ലാ വർഷവും ഒക്ടോബർ 15-ന് മുമ്പ്
Correct Answer:- Option-B

Question70:-How should the destruction of records be carried out?
റിക്കാർഡുകൾ എങ്ങനെയാണ് നശിപ്പിക്കേണ്ടത്?
A:-By burning
കത്തിച്ച്

B:-By shredding
കീറിക്കളഞ്ഞ്
C:-By burying
കുഴിച്ചിട്ട്
D:-By giving for recycling
പുനരുപയോഗത്തിന് നൽകിക്കൊണ്ട്
Correct Answer:- Option-A

Question71:-Within how many days should the Registrar draw up the decree from the date on which he pronounces the judgment on an appeal?
അപ്പീലിൽ വിധി പ്രസ്താവിക്കുന്ന തീയതി മുതൽ എത്ര ദിവസത്തിനകം രജിസ്ട്രാർ ഡിക്രി തയ്യാറാക്കണം?
A:-5 days
5 ദിവസത്തിനുള്ളിൽ
B:-7 days
7 ദിവസത്തിനുള്ളിൽ
C:-14 days
14 ദിവസത്തിനുള്ളിൽ
D:-15 days
15 ദിവസത്തിനുള്ളിൽ
Correct Answer:- Option-D

Question72:-What is the time limit for filing an appeal or application under sections 72 and 73 of the Registration Act?
രജിസ്ട്രേഷൻ ആക്ടിൻറെ 72, 73 വകുപ്പുകൾ പ്രകാരം ഒരു അപ്പീലോ അപേക്ഷയോ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി എന്താണ്?
A:-30 days from the date of refusal
നിഷേധിച്ച തീയതി മുതൽ 30 ദിവസം
B:-45 days from the date of refusal
നിഷേധിച്ച തീയതി മുതൽ 45 ദിവസം
C:-Two months from the date of refusal
നിഷേധിച്ച തീയതി മുതൽ രണ്ട് മാസം
D:-Six months from the date of refusal
നിഷേധിച്ച തീയതി മുതൽ ആറ് മാസം
Correct Answer:- Option-A

Question73:-For how long should the records connected with an enquiry under Rule 70 of the Registration Rules be preserved?
രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 70 പ്രകാരമുള്ള ഒരു അന്വേഷണവുമായി ബന്ധപ്പെട്ട രേഖകൾ എത്ര കാലത്തേക്ക് സൂക്ഷിക്കേണ്ടതാണ്?
A:-10 years
10 വർഷം
B:-20 years
20 വർഷം
C:-30 years
30 വർഷം
D:-Permanently
സ്ഥിരമായി
Correct Answer:- Option-C

Question74:-Depositions in enquiries under Section 74 are recorded in:
74-ആം വകുപ്പനുസരിച്ചുള്ള ഒരു അന്വേഷണത്തിലെ മൊഴികൾ രേഖപ്പെടുത്തുന്നത്:
A:-Loose sheets of paper
തുന്നിക്കെട്ടാത്ത കടലാസുകളിൽ
B:-Deposition Book
മൊഴി പുസ്തകത്തിൽ
C:-Book II
ബുക്ക് II ൽ
D:-Register of Appeals
അപ്പീൽ രജിസ്റ്ററിൽ
Correct Answer:- Option-A

Question75:-When determining the nature of a document for the assessment of stamp duty and fees, the Registering Officer should primarily consider:
സ്റ്റാമ്പ് ഡ്യൂട്ടിയും ഫീസും കണക്കാക്കുന്നതിനായി ഒരു ആധാരത്തിൻറെ സ്വഭാവം നിർണ്ണയിക്കുമ്പോൾ, രജിസ്റ്ററിംഗ് ഓഫീസർ പ്രാഥമികമായി പരിഗണിക്കേണ്ടത്:
A:-The effect or implications of the document
ആധാരത്തിൻറെ അനന്തര ഫലങ്ങൾ
B:-The recitals in the document
ആധാര വാചകങ്ങൾ
C:-The intention of the parties
കക്ഷികളുടെ ഉദ്ദേശം
D:-The circumstances under which the document was drawn
ആധാരം ചമയ്ക്കാനിടയായ സാഹചര്യം
Correct Answer:- Option-B

Question76:-A document that grants possession of land to the claimant on the condition of cultivating it and planting certain trees, with the executant receiving a share of the usufruct, falls under the category of:
കൃഷി ചെയ്തുകൊള്ളാമെന്നും, മരങ്ങൾ നട്ടുപിടിപ്പിക്കാമെന്നും ആദായത്തിൽ ഒരു വിഹിതം എഴുതി ഒപ്പിട്ടയാൾക്ക് നൽകാമെന്നുമുള്ള വ്യവസ്ഥയിന്മേൽ എഴുതി വാങ്ങുന്നയാൾക്ക് ഭൂമി വിട്ടുകൊടുത്തു കൊണ്ടുള്ള ഒരു ആധാരം ഏത് ഗണത്തിൽ പെടുന്നു?
A:-Gift
ദാനം
B:-Settlement
ധനനിശ്ചയം
C:-Mortgage
പണയം
D:-Lease
പാട്ടം
Correct Answer:- Option-D

Question77:-Which among the following transactions should be treated as a sale for the assessment of stamp duty and fees?
താഴെപ്പറയുന്ന ഇടപാടുകളിൽ ഏതാണ് മുദ്രവിലയും ഫീസും കണക്കാക്കുന്ന സംഗതിയിൽ വിലയാധാരമായി പരിഗണിക്കേണ്ടത്?
A:-An agreement regarding the use of a well
ഒരു കിണർ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട കരാർ
B:-Lease of usufructs in respect of a single crop
ഒറ്റവിള സസ്യങ്ങളുടെ ഫലങ്ങളുടെ പാട്ടം
C:-Settlement in favour of a person other than a family member
കുടുംബാംഗമല്ലാത്തയാളുടെ പേർക്കുള്ള ധനനിശ്ചയം
D:-An agreement for the sale of immovable property
സ്ഥാവര വസ്തുവിൻറെ വില്പനക്കരാർ
Correct Answer:- Option-B

Question78:-When a lease agreement includes a clause for the lessee to make improvements to the leased building, the value of those improvements should be considered as:
പാട്ടക്കാരാറിൽ പാട്ടത്തിനെടുത്ത കെട്ടിടം പാട്ടത്തിനെടുത്തയാൾ നന്നാക്കാമെന്ന് ഒരു വ്യവസ്ഥ ഉൾപ്പെടുത്തുമ്പോൾ, അപ്രകാരമുള്ള ദേഹണ്ഡങ്ങളുടെ മൂല്യം എന്തായി കണക്കാക്കണം?
A:-Refundable deposit
തിരികെ കൊടുക്കുന്ന നിക്ഷേപമായി
B:-Security deposit
സെക്യൂരിറ്റി ഡെപ്പോസിറ്റായി
C:-Rent
വാടകയായി
D:-Premium
പ്രീമിയമായി
Correct Answer:- Option-D

Question79:-How should a special power of attorney, produced by an agent for depositing a sealed cover, be handled?
മുദ്രവച്ച കവർ നിക്ഷേപിക്കുന്നതിനായി ഒരു ഏജൻറ് ഹാജരാക്കിയ ഒരു പ്രത്യേക മുക്ത്യാർ എങ്ങനെ കൈകാര്യം ചെയ്യണം?
A:-Returned to the party
കക്ഷിയ്ക്ക് തിരികെ കൊടുക്കണം
B:-Filed in the file of Powers of Attorney
വക്കാലത്ത് ഫയലിൽ ഫയൽ ചെയ്യണം
C:-Kept along with the sealed cover
മുദ്ര വച്ച കവറിനോടൊപ്പം സൂക്ഷിക്കണം
D:-Filed in the file of Appeal orders and judgements
അപ്പീൽ ഉത്തരവുകളുടെയും വിധിന്യായങ്ങളുടെയും ഫയലിൽ ഫയൽ ചെയ്യണം
Correct Answer:- Option-C

Question80:-When a power of attorney is brought for both attestation and registration, how should the fee for attestation and registration be denoted in the endorsements?
സാക്ഷ്യപ്പെടുത്തുന്നതിനും രജിസ്ട്രേഷനുമായി ഹാജരാക്കിയ ഒരു മുക്ത്യാറിൻറെ പുറത്തെഴുത്തുകളിൽ സാക്ഷ്യപ്പെടുത്തലിനും രജിസ്ട്രേഷനുമുള്ള ഫീസ് എങ്ങനെയാണ് രേഖപ്പെടുത്തേണ്ടത്?
A:-Each item of fees should be denoted in the corresponding endorsements separately
ഓരോ ഇനം ഫീസും അതാതിൻറെ പുറത്തെഴുത്തുകളിൽ പ്രത്യേകമായി രേഖപ്പെടുത്തണം
B:-Total fee realized shall be denoted in the presentation endorsement
ആകെ ഈടാക്കിയ ഫീസ് ഹാജരാക്കൽ പുറത്തെഴുത്തിൽ രേഖപ്പെടുത്തണം
C:-Total fee realized should be denoted in the attestation endorsement
ആകെ ഈടാക്കിയ ഫീസ് സാക്ഷ്യപ്പെടുത്തലിൻറെ പുറത്തെഴുത്തിൽ രേഖപ്പെടുത്തണം
D:-Total fee shall be shown in both the endorsements
ആകെ ഈടാക്കിയ ഫീസ് രണ്ടു പുറത്തെഴുത്തുകളിലും രേഖപ്പെടുത്തണം
Correct Answer:- Option-A

Question81:-Which of the following statements is false?
താഴെപ്പറയുന്നവയിൽ ഏതാണ് തെറ്റായ പ്രസ്താവന?
A:-Account A shows the daily registrations in Book 1, 3 and 4 and the fees realised thereon
A കണക്ക്, ബുക്ക് 1, 3, 4 എന്നിവയിലെ പ്രതിദിന രജിസ്ട്രേഷനുകളും അതിൽ നിന്ന് ലഭിക്കുന്ന ഫീസും കാണിക്കുന്നു
B:-Account B is the daily account showing total collection under each account and the total cash balance at the close of the day
B കണക്ക് ഓരോ കണക്കിലെയും ആകെ വരവും ദിനാന്ത്യത്തെ മൊത്തം നീക്കിയിരിപ്പും കാണിക്കുന്ന പ്രതിദിന അക്കൗണ്ടാണ്
C:-C Account is a suspense account
C കണക്ക് ഒരു സസ്പെൻസ് അക്കൗണ്ടാണ്
D:-Account E shows the number of documents, etc. returned by post
E കണക്ക് തപാൽ വഴി തിരിച്ചയച്ച ആധാരങ്ങളുടെ എണ്ണം മുതലായവ കാണിക്കുന്നു
Correct Answer:- Option-B

Question82:-Which of the following statements is true regarding Account A?
A കണക്ക് സംബന്ധിച്ച് താഴെപ്പറയുന്നവയിൽ ശരിയായ പ്രസ്താവന ഏത്?
A:-Account A need not be maintained manually
A കണക്ക് മാന്വലായി പരിപാലിക്കേണ്ടതില്ല
B:-Amounts realised after registration need not be accounted in Account A
ആധാരങ്ങൾ രജിസ്റ്റർ ചെയ്തതിന് ശേഷം പിന്നീട് ഈടാക്കുന്ന തുകകൾ A കണക്കിൽ രേഖപ്പെടുത്തേണ്ടതില്ല
C:-No entry is to be made in Account A on a day where there is no transaction at all
രജിസ്ട്രേഷൻ ഇല്ലാത്ത ദിവസങ്ങളിൽ A കണക്കിൽ പതിവുകളൊന്നും തന്നെ ചേർക്കേണ്ടതില്ല
D:-The Volume number of the Book in which the document is registered need not be shown in Account A
ആധാരം രജിസ്റ്റർ ചെയ്യുന്ന രജിസ്റ്റർ പുസ്തകത്തിൻറെ വാല്യം നമ്പർ A കണക്കിൽ ചേർക്കേണ്ടതില്ല
Correct Answer:- Option-A

Question83:-To which date should the fees and other amounts related to a document presented at a private residence be accounted for in the appropriate account books in the office?
ഒരു സ്വകാര്യ വാസസ്ഥലത്തു ഹാജരാക്കിയ ആധാരത്തെ സംബന്ധിക്കുന്ന ഫീസും മറ്റ് തുകകളും ഓഫീസിലെ അതാത് അക്കൗണ്ടുകളിൽ ഏത് തീയതിയിലെ കണക്കിൽ ഉൾക്കൊള്ളിക്കണം?
A:-The date of accepting the application for Private Attendance
വാസസ്ഥല രജിസ്ട്രേഷനുള്ള അപേക്ഷ സ്വീകരിക്കുന്ന തീയതിയിൽ
B:-The day following the acceptance of the document
ആധാരം സ്വീകരിച്ചതിൻറെ അടുത്ത ദിവസം
C:-The date when the Private Attendance report is approved by the District Registrar
വാസസ്ഥല റിപ്പോർട്ട് ജില്ലാ രജിസ്ട്രാർ അംഗീകരിക്കുന്ന തീയതിയിൽ
D:-The day on which the document is accepted
ആധാരം സ്വീകരിക്കുന്ന അന്നുതന്നെ
Correct Answer:- Option-D

Question84:-Which account provides a fair indication of the state of efficiency of an office?
ഒരു ഓഫീസിൻറെ കാര്യക്ഷമതയുടെ ചൂണ്ടുപലകയായി വർത്തിക്കുന്ന കണക്ക് ഏത്?
A:-Account A
എ കണക്ക്
B:-Account F
എഫ് കണക്ക്
C:-Account G
ജി കണക്ക്
D:-Account H
എച്ച് കണക്ക്
Correct Answer:- Option-C

Question85:-Which district account contains the detailed monthly account of sealed covers containing wills?
വിൽപത്രങ്ങൾ അടങ്ങുന്ന മുദ്രവച്ച കവറുകളുടെ വിശദമായ പ്രതിമാസ അക്കൗണ്ട് ഏത് ജില്ലാ കണക്കിൽ അടങ്ങിയിരിക്കുന്നു?
A:-Account 1
അക്കൗണ്ട് 1
B:-Account 2
അക്കൗണ്ട് 2
C:-Account 3
അക്കൗണ്ട് 3

D:-Account 4
അക്കൗണ്ട് 4
Correct Answer:- Option-B
Question86:-To whom should the comparison and verification of online data before the registration of each document ordinarily be assigned?
ഓരോ ആധാരവും രജിസ്ട്രേഷന് മുമ്പ് ഓൺലൈൻ ഡാറ്റയുമായി ഒത്തുനോക്കി ശരിയാക്കുന്നതിന് സാധാരണയായി ആരെയാണ് നിയോഗിക്കേണ്ടത്?
A:-The Office Attendant
ഓഫീസ് അറ്റൻഡന്റ്
B:-Any Clerk/Senior Clerk
ഏതെങ്കിലും ക്ലർക്ക്/സീനിയർ ക്ലർക്ക്
C:-The Head Clerk/Junior Superintendent
ഹെഡ് ക്ലർക്ക്/ജൂനിയർ സൂപ്രണ്ട്
D:-The Document Writer's Licence Holder
ആധാരമെഴുത്ത് ലൈസൻസി
Correct Answer:- Option-C
Question87:-Which language should be used for the data entry of a document?
ഏത് ഭാഷയിലാണ് ആധാരത്തിൻറെ ഡാറ്റാ എൻട്രി നടത്തേണ്ടത്?
A:-The language of the document
ആധാരത്തിൻറെ അതേ ഭാഷയിൽ
B:-Either English or Malayalam
ഇംഗ്ലീഷിലോ മലയാളത്തിലോ
C:-Only in English
ഇംഗ്ലീഷിൽ മാത്രം
D:-Only in Malayalam
മലയാളത്തിൽ മാത്രം
Correct Answer:- Option-D
Question88:-How should the data entry regarding an unnamed minor, who is a party to the document, be carried out?
മൈനറും പേരില്ലാത്തതുമായ ഒരു ആധാര കക്ഷിയെ സംബന്ധിച്ച ഡാറ്റാ എൻട്രി എങ്ങനെയാണ് നടത്തേണ്ടത്?
A:-Name of the Guardian shall be entered
രക്ഷകർത്താവിൻറെ പേര് ചേർത്ത്
B:-The fact that the minor is unnamed shall be entered
മൈനറിന് പേരില്ലെന്ന വസ്തുത ചേർത്ത്
C:-Both (1) and (2)
(1), (2) ഇവ രണ്ടും
D:-No information to be added
വിവരങ്ങളൊന്നും ചേർക്കേണ്ടതില്ല
Correct Answer:- Option-C
Question89:-When a document refused registration is presented under the District Registrar's order, which date should be entered in the index as the date of presentation?
രജിസ്ട്രേഷൻ നിഷേധിക്കപ്പെട്ട ഒരു ആധാരം ജില്ലാ രജിസ്ട്രാറുടെ ഉത്തരവ് പ്രകാരം ഹാജരാക്കുമ്പോൾ ഹാജരാക്കിയ തീയതി എന്ന് സൂചകപത്രത്തിൽ കാണിക്കേണ്ട തീയതി ഏത്?
A:-The date on which it is presented first
ആദ്യം ഹാജരാക്കിയ തിയതി
B:-The subsequent presentation date
രണ്ടാമത് ഹാജരാക്കിയ തിയതി
C:-Any one date
ഏതെങ്കിലും ഒന്ന്
D:-Both dates
രണ്ട് തിയതികളും
Correct Answer:- Option-D
Question90:-Who among the following should be indexed as the Claimant regarding a will presented during the lifetime of the testator?
മരണശാസന കർത്താവിൻറെ ജീവിതകാലത്ത് ഹാജരാക്കുന്ന വിൽപ്പത്രത്തെ സംബന്ധിച്ച് ഇനിപ്പറയുന്നവരിൽ ആരെയാണ് എഴുതിക്കിട്ടുന്നയാളായി ഇൻഡക്സ് ചെയ്യേണ്ടത്?
A:-Name of the executor
വിൽപത്രം നടത്തിപ്പുകാരൻറെ പേര്
B:-Name of the testator
മരണശാസന കർത്താവിൻറെ പേര്
C:-Name of the beneficiary
വിൽപത്രത്തിൻറെ ഗുണഭോക്താവിൻറെ പേര്
D:-No name should be entered
യാതൊരു പേരും ചേർക്കാൻ പാടില്ല
Correct Answer:- Option-A
Question91:-In a partition deed, a property without any express provisions to divide in severalty at a future date is set apart for the maintenance of parents, how is this property's value treated for stamp duty assessment?
ഒരു ഭാഗപത്രത്തിൽ, പിന്നീട് പലതായി വിഭജിക്കാൻ പ്രത്യേകമായി വ്യവസ്ഥ ചെയ്യാതെ ഒരു വസ്തു മാതാപിതാക്കളുടെ ഉപജീവനത്തിനായി നീക്കിവച്ചിരിക്കുന്നു, മുദ്രവില കണക്കാക്കുന്നതിന് ഈ വസ്തുവിൻറെ മൂല്യം എങ്ങനെ പരിഗണിക്കണം?
A:-Added with the value of separated shares
വിഭാഗ സലയ്യോപ്പം കൂട്ടണം
B:-Not considered for stamp duty assessment
മുദ്ര വില നിർണ്ണയത്തിന് പരിഗണിക്കില്ല
C:-Treated as a settlement and charged accordingly
ധനനിശ്ചയമായി കണക്കാക്കി മുദ്രവില ഈടാക്കണം
D:-Treated as a conveyance and charged accordingly
തീറായി കണക്കാക്കി മുദ്രവില ഈടാക്കണം
Correct Answer:- Option-B
Question92:-Which register is maintained for tracking the status and custody of a registered document until its despatch?
രജിസ്റ്റർ ചെയ്ത ഒരു ആധാരം തിരികെ കൊടുക്കുന്നതു വരെ അത് നടപടിയുടെ ഏത് ഘട്ടത്തിലാണെന്നും ആരുടെ കൈവശത്തിലാണെന്നും അറിയുന്നതിനായി പരിപാലിക്കുന്ന രജിസ്റ്റർ ഏതാണ്?
A:-Document movement Register
ഡോക്യുമെൻറ് മൂവ്മെൻറ് രജിസ്റ്റർ
B:-Despatch Register
ഡെസ്പാച്ച് രജിസ്റ്റർ
C:-Personal Register
തൻ പതിവേട്
D:-Register of documents pending transcription
പകർത്തൽ പൂർത്തിയാക്കാത്ത ആധാരങ്ങളുടെ രജിസ്റ്റർ
Correct Answer:- Option-A
Question93:-What is the procedure if two persons, both exempted, want to apply for private attendance at the same residence for the registration of a document in which they are parties?
ഒഴിവിനർഹതയുള്ള രണ്ട് പേർ ചേർന്ന് അവർ കക്ഷികളായ ഒരു ആധാരത്തിൻറെ രജിസ്ട്രേഷനായി ഒരേ വാസസ്ഥലത്ത് തന്നെയുള്ള നടപടിയ്ക്കായി അപേക്ഷിക്കുന്നതിനുള്ള നടപടിക്രമം എന്താണ്?
A:-Each must submit a separate application and fee
ഓരോരുത്തരും പ്രത്യേകം അപേക്ഷയും ഫീസും സമർപ്പിക്കണം

B:-One applies; the other pays a co-execution fee
ഒരാൾ അപേക്ഷ സമർപ്പിക്കണം, മറ്റേയാൾ കൂട്ടു കക്ഷി ഫീസ് ഒടുക്കണം
C:-Both can apply together, but two fees must be paid
രണ്ടു ഫീസ് ഒടുക്കി രണ്ടാൾക്കും ഒന്നിച്ച് അപേക്ഷിക്കാം
D:-They can apply together, paying one fee
ഇരുവരും ചേർന്ന് ഒറ്റ അപേക്ഷയിൽ ഒരു ഫീസ് ഒടുക്കിയാൽ മതി
Correct Answer:- Option-D

Question94:-On which of the following conditions is a Registering Officer permitted to attend a private residence for accepting a document for registration during office hours?
ഒരു രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന് ഓഫീസ് സമയം വാസസ്ഥല നടപടി നടത്തി ആധാരം രജിസ്ട്രേഷനായി സ്വീകരിക്കാവുന്നത് താഴെപ്പറയുന്നതിൽ ഏതു സാഹചര്യത്തിലാണ്?
A:-If urgent necessity is proved with a medical certificate
അടിയന്തിര ആവശ്യം മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം തെളിയിക്കപ്പെട്ടാൽ
B:-If there is a Joint Sub-Registrar in the office
ഓഫീസിൽ ഒരു ജോയിൻറ് സബ് രജിസ്ട്രാർ ഉണ്ടെങ്കിൽ
C:-If the priority fee has been paid
മുൻഗണനാ ഫീസ് അടച്ചിട്ടുണ്ടെങ്കിൽ
D:-If the party is a distinguished person
കക്ഷി ഒരു വിശിഷ്ട വ്യക്തിയാണെങ്കിൽ
Correct Answer:- Option-A

Question95:-Any alteration to a Chit Agreement can be made only after obtaining the written consent of:
ചിട്ടി വരിയോലയിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് ആരുടെ രേഖാമൂലമുള്ള സമ്മതം ആവശ്യമാണ്?
A:-The Assistant Registrar of chits
അസിസ്റ്റൻറ് രജിസ്ട്രാർ ഓഫ് ചിറ്റ്സിൻറെ
B:-The foreman and all the subscribers to the chit
തലയാളിൻറേയും എല്ലാ വരിക്കാരുടേയും
C:-The foreman only
തലയാളിൻറെ മാത്രം
D:-All the subscribers to the chit
എല്ലാ വരിക്കാരുടേയും
Correct Answer:- Option-B

Question96:-Within what time frame should an Inspector of Chits issue the report under Rule 26 in compliance with the request from the Assistant Registrar of Chits?
ചിട്ടി അസിസ്റ്റൻറ് രജിസ്ട്രാറുടെ അഭ്യർത്ഥന പ്രകാരം ഒരു ഇൻസ്പെക്ടർ ഓഫ് ചിറ്റ്സ് ഏത് സമയപരിധിക്കുള്ളിൽ ചട്ടം 26 പ്രകാരം റിപ്പോർട്ട് നൽകണം?
A:-One week
ഒരാഴ്ച
B:-15 days
15 ദിവസം
C:-One month
ഒരു മാസം
D:-Three months
മൂന്ന് മാസം
Correct Answer:- Option-C

Question97:-The payment of stamp duty on the original assignments deed shall be noted in the copy submitted to the Assistant Registrar of Chits by:
ചിട്ടി അസിസ്റ്റൻറ് രജിസ്ട്രാർക്ക് സമർപ്പിക്കുന്ന വരിക്കാരൻറെ അവകാശ കൈമാറ്റ രേഖയുടെ പകർപ്പിൽ അസലിന് ചുമത്തിയ മുദ്രവിലയുടെ വിവരം രേഖപ്പെടുത്തേണ്ടത് ആരാണ്?
A:-The Foreman
തലയാൾ
B:-The Assistant Registrar of Chits
ചിട്ടി അസിസ്റ്റൻറ് രജിസ്ട്രാർ
C:-The Assignee
അസൈനി
D:-The Assignor
അസൈൻ ചെയ്യുന്നയാൾ
Correct Answer:- Option-B

Question98:-How many minute books should be maintained in the office of a Registrar?
ഒരു രജിസ്ട്രാറുടെ ആഫീസിൽ എത്ര മിനിട്ട് ബുക്കുകൾ പരിപാലിക്കേണ്ടതാണ്?
A:-4
4
B:-3
3
C:-2
2
D:-1
1
Correct Answer:- Option-C

Question99:-When an executing party is too ill to know what they are about, how should the Registering Officer proceed?
ആധാരം എഴുതി ഒപ്പിട്ട കക്ഷിയ്ക്ക് താനെന്താണ് ചെയ്യുന്നതെന്നറിയാൻ കഴിയാത്ത വണ്ണം അസുഖമായിരിക്കുമ്പോൾ രജിസ്റ്ററിംഗ് ആഫീസർ എന്തു നടപടി സ്വീകരിക്കണം?
A:-Refuse registration immediately
ഉടനടി രജിസ്ട്രേഷൻ നിഷേധിക്കുക
B:-Procure the help of a medical practitioner
ഒരു മെഡിക്കൽ പ്രാക്ടീഷണറുടെ സഹായം തേടുക
C:-Ask their representatives to admit execution
അയാളുടെ പ്രതിനിധികളോട് ഒപ്പ് സമ്മതിക്കാനാവശ്യപ്പെടുക
D:-Suspend registration until they recover
അസുഖം ഭേദമാകുന്നതു വരെ രജിസ്ട്രേഷൻ നീട്ടി വയ്ക്കുക
Correct Answer:- Option-D

Question100:-A Joint Sub-Registrar in the office of the amalgamated Sub-Registrar at Headquarters is not entitled to:
താഴെപ്പറയുന്നതിൽ ഏതു കാര്യമാണ് ആസ്ഥാനത്തെ സംയോജിത സബ് രജിസ്ട്രാറുടെ ഓഫീസിലെ ജോയിൻറ് സബ്-രജിസ്ട്രാർ ചെയ്യു കൂടാത്തത്
A:-Refuse registration on grounds of denial of execution
എഴുതി ഒപ്പിട്ടതിനെ കക്ഷി നിഷേധിച്ചതിൻറെ പേരിൽ രജിസ്ട്രേഷൻ നിഷേധിക്കുക
B:-Register Chitties
ചിട്ടികൾ രജിസ്റ്റർ ചെയ്യുക
C:-Solemnize Marriage under the Special Marriage Act
സ്പെഷ്യൽ മാരേജ് ആക്റ്റ് പ്രകാരം വിവാഹങ്ങൾ ആശീർവദിക്കുക
D:-Authenticate Powers of Attorney
മുക്ത്യാർ സാക്ഷ്യപ്പെടുത്തുക
Correct Answer:- Option-A